# <u>വിവര പൊതുജന സമ്പർക്ക വകുപ്പിന് കീഴിൽ വിഷയാധിഷ്ഠിത വ്ളോഗുകൾ തയ്യാറാക്കുന്നതിനുള്ള വ്ളോഗർമാരുടെ പാനൽ രൂപീകരിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു</u>

നിങ്ങൾ ഒരു വ്ളോഗറാണോ?

3 ലക്ഷമെങ്കിലും ഫോളോവേഴ്സുണ്ടോ?

കേരളത്തിന്റെ പുരോഗതി നിങ്ങളുടെ വിഷയമാണോ?

എങ്കിൽ നിങ്ങൾക്കും വ്ളോഗർമാരുടെ പാനലിലേക്ക് അപേക്ഷിക്കാം.

അപേക്ഷിക്കേണ്ട അവസാന തീയതി: **<u>29.07.2025</u>**

യൂട്യൂബ് , ഇൻസ്റ്റഗ്രാം , ഫേസ് ബുക്ക് എന്നിവയിൽ നൽകിയിട്ടുള്ള വീഡിയോ കണ്ടന്റുകൾക്ക് മിനിമം 10 ലക്ഷം റീച്ച് ലഭിക്കുന്ന സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാർക്കും അപേക്ഷിക്കാം.

**<u>നിങ്ങൾ ചെയ്യേണ്ടത് : -</u>**

വിഷയാധിഷ്ഠിത വ്ളോഗുകൾ തയ്യാറാക്കുന്നതിനുള്ള സമ്മതപത്രം, ഫോളോവേഴ്സിന്റെ എണ്ണം, വ്ളോഗിന്റെ സ്വഭാവം തെളിയിക്കുന്ന ലിങ്കുകൾ, വ്യക്തിവിവരങ്ങൾ എന്നിവ സഹിതം **vloggersprd@gmail.com** എന്ന ഇ-മെയിൽ ഐ.ഡി യിൽ 29.07.2025-നകം അപേക്ഷിക്കുക .

വ്യവസ്ഥകൾ:

1. പാനലിൽ ഉൾപ്പെടുന്നതിന് പ്രായപരിധി ഉണ്ടായിരിക്കില്ല.

2. സ്വന്തം സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കണ്ടന്റുകൾ സ്വയം ക്രിയേറ്റ് ചെയ്യുന്നവരായിരിക്കണം.

3. വകുപ്പിന്റെ ആവശ്യപ്രകാരം മികവുറ്റ വ്ളോഗുകൾ തയ്യാറാക്കുന്നതിനുള്ള സന്നദ്ധതയുള്ളവരാകണം.

4. അപകീർത്തികരമോ നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്നതോ ആയ പരാമർശങ്ങൾ, സഭ്യേതരമായ കണ്ടന്റുകൾ, എന്നിവയിലൂടെ പ്രചാരം നേടിയവരോ, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരോ അപേക്ഷിക്കേണ്ടതില്ല.

5. മലയാളത്തിലോ ഇംഗ്ലീഷിലോ ക്രിയേറ്റിവ് കണ്ടന്റുകൾ ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

6. അപേക്ഷകർ കഴിഞ്ഞ 6 മാസത്തിനുള്ളിൽ റീച്ചുള്ള 3 വീഡിയോ എങ്കിലും അപ് ലോഡ് ചെയ്തിരിക്കണം.

7. പാനൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വകുപ്പുതല സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.